സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 60 ലക്കം: 165 2025 ഒക്ടോബർ 06 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

## ഓണം ബംപർ പെയിന്റ് കട ജീവനക്കാരന്; തുറവൂർ സ്വദേശി ടിക്കറ്റെടുത്തത് നെട്ടൂരിൽ നിന്ന്

തിരു: ഓണം ബംപർ ജേതാവ് ആലപ്പുഴ തുറവൂർ സ്വദേശി ശരത് എസ് നായർ. 25 കോടിയുടെ ടിക്കറ്റ് ബാങ്കിൽ ഹാജരാക്കി. കൊച്ചി നെട്ടൂരിൽ നിന്നാണ് ടിക്കറ്റ് എടുത്തത്. നെട്ടൂരിൽ പെയിന്റ് കട ജീവനക്കാരനാണ് ശരത് . നെട്ടൂരിലെ ലതീഷിന്റെ കടയിൽ നിന്നാണ് ടിക്കറ്റെടുത്തത്. നെട്ടൂരിൽ വിറ്റ TH 577825 നമ്പർ ടിക്കറ്റിനാണ് സമ്മാനമടിച്ചത്. ഏജൻറ് എം.ടി ലതീഷ് വിറ്റ ടിക്കറ്റിന്റെ അവകാശി ആദ്യ രണ്ടു ദിവസം കാണാമറത്തായിരുന്നു. ഭാഗ്യാന്വേഷികൾ പ്രതീക്ഷിച്ചത് പോലെ ഭാഗ്യദേവത കടാക്ഷിച്ചത് പാലക്കാടിനെ. പക്ഷേ ചെറിയൊരു ട്വിസ്റ്റ്. ടിക്കറ്റ് വിറ്റത് എറണാകുളം ജില്ലയിൽ. ഭഗവതി ലോട്ടറി ഏജൻസി പാലക്കാട്ടുനിന്ന് വാങ്ങി കൊച്ചി വൈറ്റിലയിൽ വിറ്റ ടിക്കറ്റിനാണ് ഒന്നാം സമ്മാനം.

# സ്വർണപ്പാളി വിവാദം; അന്വേഷണത്തിന് പ്രത്യേക സംഘത്തെ നിയോഗിച്ച് ഹൈക്കോടതി

കൊച്ചി: സ്വർണപ്പാളി വിവാദത്തിൽ അന്വേഷണത്തിന് പ്രത്യേക സംഘത്തെ നിയോഗിച്ച് ഹൈക്കോടതി. എ ഡി ജി പി എച്ച് വെങ്കിടേഷിനാണ് അന്വേഷണത്തിന്റെ മേൽനോട്ടചുമതല. എസ്പി എസ് ശശിധരന്റെ നേതൃത്വത്തിലായിരിക്കും അന്വേഷണം നടക്കുക. അഞ്ച് പേരാണ് അന്വേഷണ സംഘത്തിലുള്ളത്. ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകണം. അന്വേഷണ റിപ്പോർട്ട് പുറത്തുവിടരുതെന്നും കോടതി നിർദേശിച്ചു.

സംസ്ഥാന പൊലീസിലെ ഏറ്റവും സീനിയർ പൊലീസ് ഉദ്യോഗസ്ഥരിൽ ഒരാളാണ് എച്ച് വെങ്കിടേഷ്. ക്രമസമാധാന ചുമതലയുള്ള ഡിജിപി സ്ഥാനത്തേക്കുവരെ പരിഗണിക്കപ്പെട്ടയാളാണ് എച്ച് വെങ്കിടേഷ്. ഹൈക്കോടതിയുടെ തീരുമാനത്തെ സർക്കാർ സ്വാഗതം ചെയ്തു. സ്വർണപ്പാളി വിവാദത്തിൽ സിബിഐ അന്വേഷണം വേണമെന്ന് കോൺഗ്രസ് അടക്കമുള്ളവർ ആവശ്യപ്പെട്ടിരുന്നു. ശബരിമലയിൽ നിന്ന് എന്തൊക്കെ വസ്തുക്കൾ കാണാതെ പോയി? ഉണ്ണികൃഷ്ണൻ പോറ്റിയുടെ മുകളിൽ ആരൊക്കെയുണ്ട്? നാൽപ്പത്തിരണ്ട് കിലോയുണ്ടായിരുന്ന സ്വർണപ്പാളി എങ്ങനെ കുറഞ്ഞു? വിഷയത്തിൽ ദേവസ്വം ബോർഡിന് പങ്കുണ്ടോ എന്നടക്കം നിരവധി കാര്യങ്ങളിൽ വ്യക്തത വരേണ്ടതുണ്ട്. പല ചോദ്യങ്ങൾക്കും ദേവസ്വം ബോർഡിന് കൃത്യമായ മറുപടിയുണ്ടായിരുന്നില്ല.

ശബരിമലയിൽ നിന്ന് 2019ൽ സ്വർണംപൂശാൻ ചെന്നൈയിൽ കൊണ്ടുപോയ ദ്വാരപാലക ശില്പങ്ങളിലെ പാളികൾ തിരികെ സന്നിധാനത്ത് സ്ഥാപിച്ചപ്പോൾ തയ്യാറാക്കിയ മഹസറിലും ദുരൂഹതയുള്ളതായുള്ള റിപ്പോർട്ടുകൾ ഇന്നലെ പുറത്തുവന്നിരുന്നു. ശബരിമല ക്ഷേത്രത്തിലെ വിലപിടിപ്പുള്ള സമ്പത്തിന്റെ ഔദ്യോഗിക സംരക്ഷകനായ തിരുവാഭരണം കമ്മിഷണറോ, അവയുടെ ഗുണമേൻമയും അളവും സാക്ഷ്യപ്പെടുത്തേണ്ട ദേവസ്വം സ്മിത്തോ, നടപടിക്രമങ്ങൾ നിരീക്ഷിക്കേണ്ട വിജിലൻസ് ഉദ്യോഗസ്ഥനോ ഒപ്പുവച്ചിട്ടില്ല. ചെമ്പുപാളികളിൽ പൂശാൻ ഉപയോഗിച്ച സ്വർണത്തിന്റെയും ചെമ്പിന്റെയും അളവും തൂക്കവും മൂല്യവും മഹസറിൽ വിവരിച്ചിട്ടില്ലെന്നൊക്കെയാണ് വിവരം.

സ്വർണ്ണപ്പാളി വിവാദത്തെ കുറിച്ച് നിയമസഭ അടിയന്തിരമായി ചർച്ച ചെയ്യണമെന്ന ആവശ്യപ്പെട്ടുകൊണ്ടുള്ള ആവശ്യത്തിന് അനുമതി നിഷേധിച്ചതിനെ തുടർന്ന് പ്രതിപക്ഷം സഭയിൽ ബഹളം വെക്കുകയും ഇറങ്ങിപ്പോക്ക് നടത്തുകയും ചെയ്തു. തുടർന്ന് സഭ ഇന്നത്തേക്ക് നിർത്തിവെച്ചു.

## ജ്വല്ലറിയിൽ മോഷണശ്രമം

തൃശ്ശൂർ: കുരിയച്ചിറ അക്കര ജ്വല്ലറിയിൽ മോഷണശ്രമം: പ്രതി നെടുപുഴ പോലീസ് പിടിയിൽ. പേരാമംഗലം സ്വദേശി ജിന്റോയാണ് പിടിയിലായത്. കഴിഞ്ഞദിവസം പുങ്കുന്നം എടിഎമ്മിൽ കവർച്ചാ ശ്രമം നടത്തിയതും ഇയാളാണ്. മോഷണത്തിന് ഉപയോഗിച്ച കട്ടറും മറ്റും പ്രതിയിൽനിന്ന് കണ്ടെത്തി.

## വാഹനാപകടത്തിൽ 2 പേർക്ക് പരിക്ക്

തൃശ്ശൂർ: മണ്ണുത്തി – വടക്കുഞ്ചേരി ദേശീയപാത ചുവന്നമണ്ണിൽ ഇരുചക്രവാഹനത്തിൽ റോഡ് ക്രോസ് ചെയ്യുമ്പോൾ കാർ ഇടിച്ച് രണ്ടുപേർക്ക് പരിക്ക്. ഒരാളുടെ നില ഗുരുതരം.

# പാലിയേക്കര ടോൾ നിരോധനം വീണ്ടും നീട്ടി ഹൈക്കോടതി; വെള്ളിയാഴ്ച പരിഗണിക്കും

കൊച്ചി: പാലിയേക്കര ടോൾ നിരോധനം വീണ്ടും നീട്ടി ഹൈക്കോടതി. വിഷയം വീണ്ടും വെള്ളിയാഴ്ച പരിഗണിക്കുമെന്നും ഹൈക്കോടതി വ്യക്തമാക്കി. ഇക്കഴിഞ്ഞ ഓഗസ്റ്റ് ആറിനാണ് മണ്ണുത്തി – ഇടപ്പള്ളി ദേശീയപാത 544ലെ പാലിയേക്കര ടോൾ പിരിവ് ഹൈക്കോടതി സ്റ്റേ ചെയ്തത്. പ്രദേശത്തെ അടിപ്പാതകളുടെ നിർമാണവുമായി ബന്ധപ്പെട്ട് അനുഭവിക്കുന്ന കനത്ത ഗതാഗതക്കുരുക്ക് പരിഹരിക്കാൻ ദേശീയപാത അതോറിറ്റി (എൻഎച്ച്എഐ) പരാജയപ്പെട്ടെന്ന് കാട്ടിയാണ് കോടതി ടോൾ പിരിവ് തടഞ്ഞത്. ആദ്യം നാലാഴ്ചത്തേക്കാണ് ടോൾ പിരിവ് തടഞ്ഞതെങ്കിലും പിന്നീട് പല ഘട്ടങ്ങളിലായി നീട്ടുകയായിരുന്നു.

വാണിയമ്പാറ മുതൽ ചിറങ്ങര വരെയുള്ള ഏഴിടങ്ങളിൽ ബദൽ മാർഗങ്ങളൊരുക്കാതെ അടിപ്പാത നിർമാണം തുടങ്ങിയതോടെയാണ് രൂക്ഷമായ ഗതാഗതക്കുരുക്കും അപകടങ്ങളും പതിവായത്. ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ടോൾ പിരിവ് നിർത്തലാക്കണമെന്ന ആവശ്യവുമായി പൊതുപ്രവർത്തകർ കോടതിയെ സമീപിച്ചതോടെയാണ് ഇടപെടലുണ്ടായത്. ടോൾ നിർത്തലാക്കിയ ഉത്തരവിനെതിരെ എൻഎച്ച്എഐ സുപ്രീം കോടതിയിൽ ഹർജി നൽകി. എന്നാൽ, ഹൈക്കോടതി ഉത്തരവിനെ സുപ്രീം കോടതി ശരിവയ്ക്കുകയായിരുന്നു.

തുടർന്ന് സെപ്തംബറിൽ ടോൾ പിരിവിനുള്ള സ്റ്റേ നീക്കണമെന്നാവശ്യപ്പെട്ട് എൻഎച്ച്എഐ ഹൈക്കോടതിയെ സമീപിച്ചെങ്കിലും കളക്ടർ അർജുൻ പാണ്ഡ്യൻ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്റ്റേ തുടരുമെന്ന് കോടതി വ്യക്തമാക്കി. അടിപ്പാത നിർമാണം നടക്കുന്ന ഭാഗങ്ങളിൽ ഗതാഗതക്കുരുക്കും സുരക്ഷാ ഭീഷണിയും നിലവിലുണ്ടെന്ന മേൽനോട്ട സമിതിയുടെ റിപ്പോർട്ട് പരിഗണിച്ച് ഹൈക്കോടതി വീണ്ടും ടോൾ വിലക്ക് നീട്ടുകയായിരുന്നു.

## സ്വർണവില ഒരു ലക്ഷം എത്തുമോ? ഒറ്റയടിക്ക് വർദ്ധിച്ചത് 1000 രൂപ

തിരു: സംസ്ഥാനത്ത് സ്വർണവിലയിൽ വൻവർദ്ധനവ്. ഇന്ന് പവന് 1000 രൂപയാണ് വർദ്ധിച്ചത്. ഒരു പവൻ സ്വർണത്തിന്റെ ഇന്നത്തെ വില 88,560 രൂപയാണ്. ഗ്രാമിന് 125 രൂപ വർദ്ധിച്ച് 11,070 രൂപയുയായി. ഈ മാസത്തെ ഏറ്റവും ഉയർന്ന സ്വർണനിരക്കാണ് ഇന്ന് രേഖപ്പെടുത്തിയിരിക്കുന്നത്. കഴിഞ്ഞ മാസം തുടക്കം മുതൽ സ്വർണവിലയിൽ വൻ വർദ്ധനവാണുണ്ടായത്. ഇന്നത്തെ വെള്ളി വില ഗ്രാമിന് 166 രൂപയും കിലോഗ്രാമിന് 1,66,000 രൂപയുമാണ്.

ആഗോള വിപണിയിലുണ്ടായ പെട്ടെന്നുള്ള മാറ്റമാണ് സ്വർണവില കുതിച്ചുയരാൻ കാരണമായത്. അമേരിക്കയിലെ സർക്കാർ അടച്ചുപൂട്ടൽ അനിശ്ചിതമായി നീളുന്നതിനാൽ സ്വർണ വില വീണ്ടും റെക്കാഡ് ഉയരത്തിലെത്തി. ഡോളറിന്റെ അപ്രമാദിത്യം തകരുന്നതും യുഎസ് ബോണ്ടുകളിൽ നിന്ന് നിക്ഷേപകർ പിന്മാറുന്നതും സ്വർണത്തിന് കരുത്തായി.

ലോകത്തെ ഏറ്റവും വലിയ സ്വർണ ഉപഭോക്താക്കളാണ് ഇന്ത്യ. ഓരോ വർഷവും ടൺ കണക്കിന് സ്വർണം രാജ്യത്ത് ഇറക്കുമതി ചെയ്യപ്പെടുന്നുണ്ട്. അതുകൊണ്ട് ആഗോള വിപണിയിൽ സംഭവിക്കുന്ന ചെറിയ മാറ്റങ്ങൾ പോലും അടിസ്ഥാനപരമായി ഇന്ത്യയിലെ സ്വർണ വിലയിൽ പ്രതിഫലിക്കും. വിലകൂടിയാലും കുറഞ്ഞാലും സ്വർണത്തെ സുരക്ഷിത നിക്ഷേപമായാണ് എന്നും കാണുന്നത്. നിക്ഷേപമൂല്യം എന്നതിലുപരി സ്വർണത്തെ ആഭരണങ്ങളായും നാണയങ്ങളായും കൈവശം വയ്ക്കാൻ ആളുകൾ താൽപര്യപ്പെടുന്നു.

## ശബരിമല; നേരത്തെ ഉണ്ടായിരുന്ന സ്വർണപ്പാളിയും ഇപ്പോഴുള്ളതും വ്യത്യസ്തം, പുതിയ കണ്ടെത്തൽ

പത്തനംതിട്ട: ശബരിമലയിലെ സ്വർണപ്പാളി വിവാദത്തിൽ വഴിത്തിരിവ്. നിലവിലുള്ളതും മുൻപുണ്ടായിരുന്നതുമായ സ്വർണപ്പാളിയിൽ വ്യത്യാസമുണ്ടെന്നാണ് പുതിയ കണ്ടെത്തൽ. ദേവസ്വം വിജിലൻസാണ് ഇക്കാര്യം അറിയിച്ചത്. 2019ന് മുൻപുണ്ടായിരുന്ന പാളികളുടെ ചിത്രങ്ങളുമായി ഒത്തുനോക്കിയാണ് ഈ നിഗമനത്തിലെത്തിയത്. 2019 ജൂലായിൽ ഉണ്ണികൃഷ്ണൻ പോറ്റി പാളി എടുത്തുകൊണ്ടുപോയ ശേഷം തിരിമറി നടന്നെന്ന വാദം ശരിവയ്ക്കുന്നതാണ് ഈ കണ്ടെത്തൽ.

2025ൽ വീണ്ടും പുതുക്കി ശബരിമലയിലെത്തിച്ച സ്വർണപ്പാളിയുമായി 2019ലെ പാളികളെ തട്ടിച്ചുനോക്കിയാണ് വിജിലൻസ് പുതിയ നിഗമനത്തിലെത്തിയത്. തുലാമാസ പൂജകൾക്ക് ശേഷം നടതുറക്കുമ്പോൾ ശുദ്ധക്രിയ നടത്തി പുതുക്കിയ പാളികൾ സ്ഥാപിക്കും. വിജയ് മല്യ നൽകിയ സ്വർണം പൂശിയ പാളിയല്ല ഇപ്പോൾ സന്നിധാനത്ത് ഉള്ളത്. എന്നാൽ ഇതുസംബന്ധിച്ച ആധികാരികമായ ഒരു തീർപ്പിലെത്തണമെങ്കിൽ കൂടുതൽ വിദഗ്ധമായ പരിശോധന ആവശ്യമാണ്.

അതേസമയം, ശബരിമലയിലെ സ്വർണപ്പാളി വിവാദത്തിൽ അന്വേഷണത്തിന് പ്രത്യേക സംഘത്തെ ഹൈക്കോടതി നിയോഗിച്ചു. എ ഡി ജി പി എച്ച് വെങ്കിടേഷ് ആയിരിക്കും നേതൃത്വം നൽകുക. അഞ്ച് പേരാണ് അന്വേഷണ സംഘത്തിലുള്ളത്. സംസ്ഥാന പൊലീസിലെ ഏറ്റവും സീനിയർ പൊലീസ് ഉദ്യോഗസ്ഥരിൽ ഒരാളാണ് എച്ച് വെങ്കിടേഷ്. ക്രമസമാധാന ചുമതലയുള്ള ഡിജിപി സ്ഥാനത്തേക്ക് വരെ പരിഗണിക്കപ്പെട്ടയാളാണ് എച്ച് വെങ്കിടേഷ്. ഹൈക്കോടതിയുടെ തീരുമാനത്തെ സർക്കാർ സ്വാഗതം ചെയ്തു. എന്നാൽ സ്വർണപ്പാളി വിവാദത്തിൽ സിബിഐ അന്വേഷണം വേണമെന്ന് കോൺഗ്രസ് ആവശ്യം.

## കോടതിമുറിയിൽ സുപ്രീംകോടതി ചീഫ് ജസ്റ്റിസിന് നേരെ ഷൂ എറിയാൻ ശ്രമം

ന്യൂഡൽഹി: സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ബി.ആർ ഗവായിക്ക് നേരെ കോടതി മുറിയിൽവെച്ച് ഷൂ എറിയാൻ ശ്രമം. രാവിലെ ചീഫ് ജസ്റ്റിസിന്റെ നേതൃത്വത്തിലുള്ള ബെഞ്ച് കേസുകൾ പരിഗണിക്കുന്നതിനിടെയാണ് ഷൂ എറിയാനുള്ള ശ്രമമുണ്ടായത്. അഭിഭാഷകരിൽ ഒരാളാണ് ഷൂ എറിയാൻ ശ്രമം നടത്തിയതെന്നാണ് റിപ്പോർട്ട്.

മുദ്രാവാക്യം വിളിച്ച് ഇയാൾ ചീഫ് ജസ്റ്റിസിന് നേരെ ഷൂ എറിയാൻ നോക്കുകയായിരുന്നു. എന്നാൽ, സുപ്രീംകോടതിയിലെ സുരക്ഷാ ജീവനക്കാരെത്തി ഉടൻ തന്നെ ഇയാളെ മാറ്റി. സനാതന ധർമ്മത്തെ ബഹുമാനിക്കാത്തത് ഇന്ത്യ പൊറുക്കില്ലെന്ന മുദ്രാവാക്യം മുഴക്കിയായിരുന്നു അഭിഭാഷക വേഷം ധരിച്ചയാൾ എത്തിയത്.

സുരക്ഷാ ജീവനക്കാർ ഇയാളെ പിടിച്ച് മാറ്റിയതിന് പിന്നാലെ കോടതി നടപടികൾ സാധാരണപോലെ നടന്നു. അടുത്ത അഭിഭാഷകനോട് കേസിൽ വാദം നടത്താൻ ആവശ്യപ്പെട്ട ചീഫ് ജസ്റ്റിസ് ഇതൊന്നും നമ്മളുടെ ശ്രദ്ധ തിരിക്കരുതെന്നും ഉപദേശിച്ചു.

നേരത്തെ ഇന്ത്യൻ നിയമവ്യവസ്ഥയെ നിയന്ത്രിക്കേണ്ടത് ബുൾഡോസറുകളല്ലെന്ന് സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ബി.ആർ ഗവായ് പറഞ്ഞിരുന്നു. നിയമവാഴ്ചയാണ് ഇന്ത്യൻ നീതിന്യായ സംവിധാനത്തെ നിയന്ത്രിക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു. മൗറീഷ്യസിൽ ഇന്ത്യൻ ജനാധിപത്യസംവിധാനത്തിലെ നിയമവാഴ്ചയെ കുറിച്ചുള്ള പ്രസംഗത്തിലാണ് അദ്ദേഹത്തിന്റെ പരാമർശം.

ഇന്ത്യൻ നീതിന്യായ സംവിധാനത്തിൽ നിയമവാഴ്ചക്കാണ് പ്രാധാന്യമെന്നും ബുൾഡോസറിനല്ലെന്നുമുള്ള വിധി കൃത്യമായ സന്ദേശമാണ് നൽകുന്നത്. കേസിൽ പ്രതികളാവുന്നവരുടെ വീടുകൾ ബുൾഡോസർ ഉപയോഗിച്ച് തകർക്കുന്നത് നിയമവാഴ്ച ഇല്ലാതാക്കുന്നതിനും ആർട്ടിക്കൾ 21 പ്രകാരമുള്ള ജനങ്ങളുടെ ജീവിക്കാനുള്ള അവകാശത്തിന്റെ ലംഘനം കൂടിയാണിതെന്നും അദ്ദേഹം പറഞ്ഞു.

## ചിന്നക്കനാലിൽ കാട്ടാന ആക്രമണം; ഒരാൾ കൊല്ലപ്പെട്ടു, മൃതദേഹത്തിനരികിൽ തമ്പടിച്ച് കാട്ടാനക്കൂട്ടം

അടിമാലി: ചിന്നക്കനാൽ തോണ്ടി മലയിൽ കാട്ടാന കൂട്ടത്തിന്റെ ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെട്ടു. ചിന്നക്കനാൽ പന്നിയാർ സ്വദേശി ജോസഫ് വേലുചാമി ആണ് കൊല്ലപ്പെട്ടത്.

സമീപത്ത് നിന്നും കാട്ടാന കൂട്ടം മാറാതെ നിൽക്കുന്നതിനാൽ മൃതദേഹം എടുക്കാൻ വനം വകുപ്പിനും പൊലീസിനും സാധിച്ചിട്ടില്ല. റാപ്പിഡ് റെസ്പോണ്ട് ടീമിന്റെ നേതൃത്വത്തിൽ വനംവകുപ്പ് ആനക്കൂട്ടത്തെ തുരത്താനുള്ള ശ്രമം തുടരുകയാണ്.

5 മാസത്തിന് ശേഷം കാട്ടാന ആക്രമണത്തിൽ ജീവൻ നഷ്ടമായത് ജനങ്ങളെ രോക്ഷാകുലരാക്കിയിട്ടുണ്ട്.

## ശബരിമലയിൽ നടന്നത് വൻ സ്വർണക്കവർച്ച; ഹൈക്കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ച് ദേവസ്വം വിജിലൻസ്

പത്തനംതിട്ട: ശബരിമലയിൽ സ്വർണക്കവർച്ച നടന്നെന്ന് ദേവസ്വം വിജിലൻസിന്റെ കണ്ടെത്തൽ. സ്വർണപ്പാളി വിവാദത്തിൽ ദേവസ്വം വിജിലൻസ് ഹൈക്കോടതിയിൽ നൽകിയ ഇടക്കാല അന്വേഷണ റിപ്പോർട്ടിലാണ് ഇക്കാര്യം പറയുന്നത്. സ്വർണപ്പാളിയിലെ സ്വർണം കവർന്നെന്നാണ് കണ്ടെത്തൽ. സംഭവത്തിൽ വൻ ഗൂഢാലോചന നടന്നുവെന്നും റിപ്പോർട്ടിലുണ്ട്.

1.5 കിലോ സ്വർണമാണ് ദ്വാരപാലക ശില്പത്തിൽ ഉണ്ടായിരുന്നു. 2019 ജൂലായിൽ ഉണ്ണികൃഷ്ണൻ പോറ്റി പാളി എടുത്തുകൊണ്ടുപോയശേഷം തിരിച്ചെത്തിയപ്പോൾ അതിൽ 394ഗ്രാം സ്വർണം മാത്രമാണ് ഉണ്ടായിരുന്നതെന്നും വിജിലൻസ് വ്യക്തമാക്കുന്നു. അന്ന് വിജയ് മല്യ നൽകിയ സ്വർണം എട്ട് സൈഡ് പാളികളിലായി നാലുകിലോയാണ് പൊതിഞ്ഞതെന്നും റിപ്പോർട്ടിൽ പറയുന്നു. ഇതിൽ രണ്ട് പാളികൾ ഉണ്ണികൃഷ്ണൻ പോറ്റിക്ക് നൽകിയിരുന്നു. ഈ പാളികളിൽ എത്ര സ്വർണമുണ്ടെന്ന് ഇനി തിട്ടപ്പെടുത്തണമെന്ന് വിജിലൻസ് വ്യക്തമാക്കി.

ഉണ്ണികൃഷ്ണൻ പോറ്റി പത്മകുമാറിന് അയച്ച ഇമെയിൽ സന്ദേശമാണ് അന്വേഷണത്തിൽ നിർണായകമായത്. ഉണ്ണികൃഷ്ണൻ പോറ്റി ദ്വാരപാലക ശില്പങ്ങളുടെ വിവരം ചോദിച്ച് ഇമെയിൽ അയച്ചിരുന്നു. മെയിൽ അയച്ച് ഒരുമാസം കഴിഞ്ഞപ്പോൾ ദ്വാരപാലക ശില്പം കൈമാറിയെന്നും ഈ സന്ദേശത്തിൽ നിന്നാണ് ഗൂഢാലോചന സംശയിക്കുന്നതെന്നും വിജിലൻസ് പറയുന്നു. കൂടാതെ നിലവിലുള്ളതും മുൻപുണ്ടായിരുന്നതുമായ സ്വർണപ്പാളിയിൽ വ്യത്യാസമുണ്ടെന്നും വിജിലൻസ് വ്യക്തമാക്കി. 2019ന് മുൻപുണ്ടായിരുന്ന പാളികളുടെ ചിത്രങ്ങളുമായി ഒത്തുനോക്കിയാണ് ഈ നിഗമനത്തിലെത്തിയത്. 2025ൽ വീണ്ടും പുതുക്കി ശബരിമലയിലെത്തിച്ച സ്വർണപ്പാളിയുമായി 2019ലെ പാളികളെ തട്ടിച്ചുനോക്കിയാണ് വിജിലൻസ് പുതിയ നിഗമനത്തിലെത്തിയത്.

### കോടതി പരസ്യം

**ബഹു. തൃശൂർ മൂന്നാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ**

GOP: 263/2025

തൃശൂർ താലൂക്ക് കൈനൂർ വില്ലേജ് മാഞ്ചേരി ദേശത്ത് വാലത്ത് അന്തരിച്ച സുമേഷ് വി ഡി ഭാര്യ റീന

– ഹരജിക്കാരി

ടിയിൽ ഹരജിക്കാരിയുടെയും സുമേഷ് എന്നവരുടെയും മകൾ മൈനർ 15 വയസ് അനന്യ വി എസ്

–മൈനർ

മേൽ നമ്പറിലെ മൈനറുടെ രക്ഷിതാവായി ഹരജിക്കാരിയെ നിയമിക്കുന്നതിനും ഹരജിപ്പട്ടിക വഹകളായ കൈനൂർ വില്ലേജ് സർവ്വേ 555/4 P 4.09 ആർ വഹകളിൽ മൈനർക്കുള്ള ഓഹരി അവകാശം തീറ് വിൽക്കുന്നതിനായി ഹരജിക്കാരിയെ അനുവദിക്കുന്നതിനും വേണ്ടി ബോധിപ്പിച്ച മേൽ നമ്പർ ഹരജി **14–10–2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. മേൽ കാര്യത്തിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഹരജി സംഗതി തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 3–10–2025

ഹരജിഭാഗം അഡ്വക്കേറ്റ്

**കെ പി ബിജു** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ കുടുംബ കോടതി മുമ്പാകെ**

OP: 693/2025

1) സൂര്യപ്രഭ ടി പി, 43 വയസ് D/o. പ്രഭാകരൻ, തൈവളപ്പിൽ ഹൗസ്, അരിമ്പൂർ പി ഒ., പറക്കാട് വില്ലേജ്, തൃശൂർ താലൂക്ക്, തൃശൂർ–680620

2) മൈനർ ആര്യ എം എ., 14 വയസ് എന്നവർക്ക് വേണ്ടി മാതാവും രക്ഷിതാവുമായ സൂര്യപ്രഭ ടി പി, (മേൽപറഞ്ഞ വിലാസത്തിൽ താമസം)

–ഹരജിക്കാർ

1) ആനന്ദ്, 50 വയസ്, S/o. സിദ്ധാർത്ഥൻ, മരക്കാത്ത് ഹൗസ്, മുല്ലശ്ശേരി പി ഒ., മുല്ലശ്ശേരി വില്ലേജ്, ചാവക്കാട് താലൂക്ക്, തൃശൂർ–680509

2) സിദ്ധാർത്ഥൻ, 75 വയസ്, (മേൽപറഞ്ഞ വിലാസത്തിൽ താമസം)

3) വസന്ത സിദ്ധാർത്ഥൻ, 69 വയസ് S/o. സിദ്ധാർത്ഥൻ (മേൽപറഞ്ഞ വിലാസത്തിൽ താമസം)

–എതൃകക്ഷികൾ

**പത്രപരസ്യം**

ഒന്നാം ഹരജിക്കാരിയിൽ നിന്നും എതൃകക്ഷികൾ കൈപ്പറ്റിയ സ്വർണ്ണവും സാധനസാമഗ്രികളുടെ പണവും തിരികെ ലഭിക്കുന്നതിനും ഹരജിക്കാർക്ക് കീഴ്ക്കട ജീവനാംശം ലഭിക്കുന്നതിനും, ഒന്നാം ഹരജിക്കാരി എതൃകക്ഷികളിൽ നിന്നും അനുഭവിച്ച ശാരീരിക–മാനസീക പീഢനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനും ബോധിപ്പിച്ചിട്ടുള്ള മേൽ നമ്പർ ഹരജിയിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്യുവാൻ ഉത്തരവായി കേസ് **25–10–2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. എതൃകക്ഷികൾക്ക് മേൽ നമ്പർ കേസിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം എതൃകക്ഷികളെ എക്സ്പാർട്ടിയാക്കി കേസ് തീർപ്പ് കല്പിക്കുന്നതിനാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 26–9–2025

ഹരജിഭാഗം അഡ്വക്കേറ്റ്

**അഭിലാഷ് എ.ജെ.** (ഒപ്പ്)



RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



## ലോക അധ്യാപക ദിനം കലാമണ്ഡലം രജിസ്ട്രാറെ ആദരിച്ചു

മറ്റം: ലോക അധ്യാപക ദിനത്തിൽ ഇന്ത്യയിലും വിദേശത്തും ജോലി ചെയ്ത തിരുവനന്തപുരം സംസ്കൃത കോളേജിൽ മുൻ അധ്യാപകനും ഇപ്പോഴത്തെ കേരള കലാമണ്ഡലം രജിസ്ട്രാറുമായ ഡോക്ടർ പി രാജേഷ് കുമാറിനെ അധ്യാപക ദമ്പതികൾ ആദരിച്ചു. മറ്റം സെൻറ് ഫ്രാൻസിസ് ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപകനായ പി ജെ സ്റ്റൈജുവും വെസ്റ്റ് മങ്ങാട് സെന്റ് ജോസഫ് ആൻഡ് സെന്റ് സിറിൽ ഹയർ സെക്കൻഡറി സ്കൂളിലെ ഗണിത അധ്യാപികയുമായ അമ്പിളി പീറ്ററും ചേർന്നാണ് രാജേഷ് കുമാറിനെ പുസ്തകവും പേനയും സമ്മാനിച്ച് വേറിട്ട ആദരം നടത്തിയത്. ഇന്ത്യയിലും വിദേശത്തും ജോലി ചെയ്ത അനുഭവങ്ങൾ കലാമണ്ഡലത്തിന്റെ ഉയർച്ചയ്ക്കായി പ്രവർത്തിക്കാൻ സാഹചര്യം ഒരുക്കിയിട്ടുണ്ടെന്ന് മറുപടി പ്രസംഗത്തിൽ രജിസ്ട്രാർ പി രാജേഷ് കുമാർ പറഞ്ഞു' അധ്യാപക ദമ്പതികളുടെ ആദരണത്തിന് അദ്ദേഹം നന്ദി പറഞ്ഞു. അനന്യ പി.എസ്. അഭിഷേക് അമ്പിളി എന്നിവർ അനുമോദന പ്രസംഗം നടത്തി.

## എൻഐആർഡിസി താലൂക്കുതല സേവന കേന്ദ്രങ്ങൾ തുടങ്ങുന്നു

കോയമ്പത്തൂർ: ഇടത്തരം ചെറുകിട വ്യവസായ വികസനത്തിനുള്ള പദ്ധതികൾ നടപ്പാക്കുന്ന നാഷണൽ ഇൻഡസ്ട്രീസ് റിസേർച്ച് ആൻഡ് ഡവലപ്മെന്റ് കൗൺസിലിന്റെ (എൻഐആർഡിസി) ഓരോ താലൂക്കിലും 'ഇൻഡാപ് എക്സ്റ്റൻഷൻ ഓഫീസ്' എന്ന പേരിൽ സേവന കേന്ദ്രങ്ങൾ തുടങ്ങും. തമിഴ്നാടിന്റേയും കേരളത്തിന്റെ ഏതാനും ഭാഗങ്ങളുടേയും ഇൻഡസ്ട്രീസ് ട്രേഡ് കമ്മീഷണറായി ചുമതലയേറ്റ ഡോ. റെജി ജോസഫ് അറിയിച്ചതാണിക്കാര്യം.

ചെറുകിട വ്യവസായ യൂണിറ്റുകൾക്കു പുറമേ, കൃഷി, മൽസ്യബന്ധനം, ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ തുടങ്ങിയ മേഖലകളിലാണ് എൻഐആർഡിസി എക്സ്റ്റൻഷൻ സെന്ററുകളുടെ മുഖ്യമായ പ്രവർത്തനം. സംരംഭം ആദായകരമായി ആരംഭിക്കാനുള്ള പരിശീലനം, മുദ്ര വായ്പ ലഭ്യമാക്കാനുള്ള മാർഗനിർദേശങ്ങൾ, സബ്സിഡിക്കും വിപണനത്തിനുമുള്ള സഹായങ്ങൾ തുടങ്ങിയ സേവനങ്ങളാണ് ഈ കേന്ദ്രങ്ങളിലൂടെ കേന്ദ്ര സർക്കാർ സ്ഥാപനമായ എൻഐആർഡിസി നൽകുന്നത്. 'ഇൻഡാപ് എക്സ്റ്റൻഷൻ ഓഫീസു'കൾക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ടെന്നും തെരഞ്ഞെടുക്കപ്പെടുന്നവർക്കു പ്രതിമാസ പ്രതിഫലവും ഗ്രാന്റും നൽകുമെന്നും എൻഐആർഡിസി നാഷണൽ ചെയർമാൻ ശംഭു സിംഗ് ഐഎഎസ്, അഡ്മിനിസ്ട്രേറ്റർ എസ്. വാസുദേവ് എന്നിവർ പറഞ്ഞു.

തമിഴ്നാടിന്റെ ഇൻഡസ്ട്രീസ് ട്രേഡ് കമ്മീഷണറായി മലയാളിയും മാനേജുമെന്റ് വിദഗ്ധനുമായ ഡോ. റെജി ജോസഫിനെ നിയമിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഡോ. റെജി ജോസഫ് – 91 8056 555 377), ഫെസിലിറ്റേഷൻ മാനേജർ മിഥുലേഷ് ചോലയ്ക്കൽ – 91 9656 868 286. കേരളത്തിലെ റീജണൽ ഓഫീസ് കേരള സർക്കാരിന്റെ പിന്തുണയോടെ കൊച്ചി ഇടപ്പള്ളിയിൽ ലുലു മാളിന് എതിർവശത്തു പ്രവർത്തിക്കുന്നുണ്ട്.

## വാരിയർ സമാജം ജില്ലാ കൺവെൻഷൻ

ഗുരുവായൂർ: സമസ്ത കേരള വാരിയർ സമാജം ജില്ലാ കൺവെൻഷൻ സമാജം അക്ഷയ ഹാളിൽ (എം. ഉണ്ണികൃഷ്ണവാരിയർ നഗർ) സംസ്ഥാന പ്രസിഡണ്ട് പി.കെ. മോഹൻദാസ് ഉദ്ഘാടനം ചെയ്തു . ജില്ല പ്രസിഡണ്ട് കെ. ഉണ്ണികൃഷ്ണവാരിയർ അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി വി.വി. മുരളീധര വാരിയർ മുഖ്യ പ്രഭാഷണം നടത്തി. ട്രഷറർ വി. വേണുഗോപാലൻ, മേഖല സെക്രട്ടറി രജനീഷ് ആർ. വാര്യർ, ജില്ല സെക്രട്ടറി വി.വി. സതീശൻ, കെ. ശശീധരൻ, ഉഷദാസ്, പി.വി. ശങ്കരൻകുട്ടി എന്നിവർ പ്രസംഗിച്ചു.

# സവർണ്ണ ഹിന്ദുത്വ ആശയങ്ങൾ സ്ത്രീകളിലൂടെ പ്രാവർത്തികമാക്കാനുള്ള ശ്രമങ്ങളെ ശക്തമായി പ്രതിരോധിക്കും : മന്ത്രി ഡോ. ആർ ബിന്ദു

ഇരിങ്ങാലക്കുട : ബിജെപി നയിക്കുന്ന കേന്ദ്ര സർക്കാർ അവരുടെ ഹിന്ദുത്വ ആശയങ്ങൾ സ്ത്രീകളിലൂടെ പ്രവർത്തികമാക്കാൻ ശ്രമിക്കുകയാണ് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പ്രചരിപ്പിച്ച് സ്ത്രീകളെ നൂറ്റാണ്ടുകൾക്ക് പിന്നിലേക്ക് കൊണ്ടുപോകാൻ നടത്തുന്ന ശ്രമങ്ങൾ അതിശക്തമായി പ്രതിരോധിക്കും. മുന്നോട്ടു നടന്നുപോകുമ്പോൾ പിന്നിലായി പോകുന്നവർക്കും കൂടിയാണ് ജനാധിപത്യ മഹിളാ അസോസിയേഷൻ പ്രവർത്തിക്കുന്നത്. നഷ്ടപ്പെടുവാൻ ഒന്നും ബാക്കിയില്ലാതിരുന്ന കഴിഞ്ഞുപോയ നാളുകളിൽ നിന്നും അടിസ്ഥാന വർഗ്ഗത്തിന്റെ തിരിച്ചുപിടിക്കലി ന്റെ ' തുടർച്ചയാണ് ' വരാനിരിക്കുന്ന പകലുകളോടൊപ്പം രാവുകളും നമുക്ക് തന്നെ സ്വന്തമെന്ന മുദ്രാവാക്യമുയർത്തിപ്പിടിക്കുവാൻ സംഘടനയ്ക്ക് സാധിച്ചിട്ടുണ്ട്.

രാജ്യത്തെ സ്ത്രീ പ്രശ്നങ്ങളിൽ എല്ലാം തന്നെ ഇടപെടാനും ജനകീയ പ്രശ്നങ്ങളിൽ പിന്തുണ നൽകാനും സ്ത്രീകൾക്ക് അനുകൂലമായി ഒട്ടറെ നിയമനിർമാണങ്ങളിൽ അഖിലേന്ത്യ ജനാധിപത്യ മഹിളാ അസോസിയേഷന് വ്യക്തമായ പങ്കുവഹിക്കുവാൻ സാധിച്ചിട്ടുണ്ട്. സ്ത്രീധന നിരോധന നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ. വിവരാവകാശ നിയമം. തൊഴിലുറപ്പ് നിയമം. ഗാർഗീക പീഡന നിരോധന നിയമം. തൊഴിലിടങ്ങളിലെ ചൂഷണം തടയുന്നതിനുള്ള നിയമം. തുടങ്ങിയ നിയമനിർമാണങ്ങളെല്ലാം യാഥാർത്ഥ്യമാക്കി മാറ്റുന്നതിൽ മഹിളാ അസോസിയേഷൻ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്.

രാജ്യത്തെ പോരാടുന്ന സ്ത്രീകൾക്ക് കരുത്ത് നൽകുകയാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സ്ത്രീപക്ഷ നവ കേരള യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു കഴിഞ്ഞു. കേരളം ഭരിച്ചുകൊണ്ടിരിക്കുന്ന മതനിരപേക്ഷസ്ത്രീപക്ഷ സർക്കാരിനെ അട്ടിമറിക്കാനുള്ള ശ്രമമാണ് കേന്ദ്രം ഭരിക്കുന്ന ബിജെപി സർക്കാർ നടപ്പാക്കുന്നത് . കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ തകർക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നമ്മൾ ജനകീയമായി ചെറുത്തു തോൽപ്പിക്കേണ്ടതുണ്ടെന്നും അഖിലേന്ത്യ ജനാധിപത്യ മഹിളാ അസോസിയേഷൻ ഇരിങ്ങാലക്കുട ഏരിയ സമ്മേളനം പൂമംഗലം ഗ്രാമപഞ്ചായത്ത് – ചെമ്പഴന്തി ഹാൾ ( ശാന്ത ടീച്ചർ നഗർ) ഉദ്ഘാടനം ചെയ്തുകൊണ്ട് അഖിലേന്ത്യ ജനാധിപത്യ മഹിളാ അസോസിയേഷൻ കേന്ദ്ര കമ്മിറ്റി അംഗവും ഉന്നത വിദ്യാഭ്യാസ – സാമൂഹ്യനീതി വകുപ്പ് മന്ത്രിയുമായ ഡോ.ആർ ബിന്ദു പറഞ്ഞു. വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് അംഗം വിജയലക്ഷ്മി വിനയചന്ദ്രൻ അധ്യക്ഷത വഹിച്ചു. സന്ധ്യ ചന്ദ്രൻ രക്തസാക്ഷി പ്രമേയവും സജിതവിപിൻ അനുശോചന പ്രമേയവും സജിതഷെബർ പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു. ജില്ലാ ട്രഷറർ കെ ആർ സീത സംഘടന റിപ്പോർട്ട് അവതരിപ്പിച്ചു.

സിപിഐഎം ഏരിയ സെക്രട്ടറി വി എ മനോജ് കുമാർ. പൂമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കെ എസ് തമ്പി. ജനാധിപത്യ മഹിള അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡണ്ട് അഡ്വ. കെ ആർ വിജയ. ജില്ലാ വൈസ് പ്രസിഡണ്ട് വത്സല ബാബു. സിപിഐഎം പൂമംഗലം ലോക്കൽ കമ്മിറ്റി സെക്രട്ടറി കെ വി ജിനരാജ ദാസൻ. എന്നിവർ സംസാരിച്ചു.

ഭാരവാഹികൾ ഷീജ ജോയ് പ്രസിഡന്റ് ഷീജ പവിത്രൻ. കവിത സുരേഷ്. സന്ധ്യ ചന്ദ്രൻ. ( വൈസ് പ്രസിഡണ്ടുമാർ) സജിതഷേബർ സെക്രട്ടറി. മീനാക്ഷി ജോഷി. സി എം സാനി. വൃന്ദ അജിത്ത് കുമാർ. (ജോ. സെക്രട്ടറിമാർ) വിജയലക്ഷ്മി വിനയചന്ദ്രൻ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു. എക്സിക്യൂട്ടീവ് അംഗങ്ങളായി മിനി സത്യൻ. ബിന്ദു രവി. സജിത വിപിൻ. രമ്യ മണികണ്ഠൻ. കമ്മറ്റി അംഗങ്ങളായി അംബിക പള്ളിപ്പുറത്ത്. ഷീജ സുകുമാരൻ. ലത പ്രദീപൻ. സ്മിത ശശികുമാർ. ധന്യ ഉണ്ണികൃഷ്ണൻ. മണി സജയൻ. ഡാലിയ പ്രദീപ്. ജയലക്ഷ്മിജയൻ. ജിജി പ്രവീൺ. ജയശ്രീ സുബ്രഹ്മണ്യൻ. അമ്പിളി റെനിൽ. സരള വിക്രമൻ. സുനിത രഘു കുമാർ. ബിൻസി പ്രശോഭിതൻ ബിൻസി പ്രശോഭിതൻ. വീൻസി പ്രശോഭിതൻ. ബിന്ദു സജീവൻ. താര അനിൽകുമാർ. റഷീദ സബീഷ്. ഇന്ദു ഉണ്ണികൃഷ്ണൻ. വത്സല കുമാരി. അംബിക വിശാഖൻ. മിനിരഞ്ജിത്ത് 35 അംഗ കമ്മിറ്റിയെയും സമ്മേളനം തെരഞ്ഞെടുത്തു.

തൊഴിലുറപ്പ് പദ്ധതി തകർക്കുന്ന കേന്ദ്രസർക്കാരിന്റെ നയങ്ങൾക്കെതിരെയും. തൃശ്ശൂർ കൊടുങ്ങല്ലൂർ റൂട്ടിലെ ലിമിറ്റഡ് സ്റ്റോപ്പ് ബസിന്റെ അമിത വേഗം നിയന്ത്രിക്കാൻ മോട്ടോർ വാഹന വകുപ്പ് ഇടപെടണമെന്നും. ഇരിങ്ങാലക്കുട കാട്ടൂർ തൃപ്രയാർ വഴി ഗുരുവായൂർക്ക് കെഎസ്ആർടിസി ബസ് സർവീസ് നടത്തണമെന്നും ഏരിയാ സമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

## കള്ള് കച്ചവടം നിരോധിക്കുക

അയ്യന്തോൾ: 'സിവിൽ സ്റ്റേഷന്' വിളിപ്പാടകലെ ആരാധനാലയങ്ങൾക്കും അംഗൻവാടിക്കും സമീപം ആരംഭിച്ച 'കള്ള്ഷാപ്പ്' ഉടനടി അടച്ച് പൂട്ടണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് 'കള്ള് ഷാപ്പ് വിരുദ്ധ ജനകീയ സമിതി പ്രക്ഷോഭം ആരംഭിച്ചു. ആരാധനാലയങ്ങളിൽനിന്ന് 400 മീറ്റർ അകലത്തിലെ മദ്യ ഷാപ്പുകൾ പ്രവർത്തിക്കാൻ പാടുള്ളു എന്ന സർക്കാർ നിയമം അട്ടിമറിച്ചുകൊണ്ടും, നീതിന്യായ കോടതിയുടെ വിധിന്യായം കാറ്റിൽ പറത്തികൊണ്ട് എക്സയ്സ് ഡിപ്പാർട്മെന്റ്, ഈ ലഹരി കേന്ദ്രത്തിന് നൽകിയിട്ടുള്ള അനുമതി, ഉടനടി റദ് ചെയ്യണമെ

ന്നും, പ്രധിഷേധക്കാർ ആവശ്യപ്പെട്ടു. അശോക് നഗർ ഒന്നാം ഗേറ്റിൽ ആരംഭിച്ച സമര പരിപാടികൾ കൗൺസിലർ സുനിത വിനു ഉദ്ഘാടനം ചെയ്തു. അശോക് നഗർ റസിഡൻസ് അസോസിയേഷൻ പ്രസിഡന്റ് അഡ്വ രഘു നാഥ് കഴുങ്കിൽ അദ്യക്ഷം വഹിച്ച ചടങ്ങിൽ ബി. ജെ. പി ജില്ല കമ്മിറ്റിയംഗം രാധാകൃഷ്ണൻ, സി. പി. ഐ മണ്ഡലം സെക്രട്ടറി ഷാജു കുണ്ടോളി, മദ്യ വർജ്ജന സമിതി ജില്ലാ പ്രസിഡന്റ് ഹമീദ് മനക്കൊടി, കൽഹാര അസോസിയേഷൻ സെക്രട്ടറി മൊയ്തു, അജിത് മേനോൻ, അഡ്വ: ഷൈലജ, എം. വി. എം. അഷറഫ്, ഷെരീഫ് എന്നിവർ പ്രസംഗിച്ചു.

## ഇരിങ്ങാലക്കുട കൂടൽമാണിക്യം മ്യൂസിയം ആന്റ് ആർക്കൈവ്സിന്റെ ചരിത്ര സെമിനാറിന് തിരശ്ശീല വീണു

ഇരിങ്ങാലക്കുട: രണ്ട് ദിവസങ്ങളായി നടന്ന ആർക്കൈവ്സിന്റെ ചരിത്ര സെമിനാർ, ചരിത്രക്വിസ് എന്നീ പരിപാടികളുടെ സമാപനം ദേവസ്വം ചെയർമാൻ അഡ്വ. സി. കെ. ഗോപിയുടെ അദ്ധ്യക്ഷതയിൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ജോളി ആൻഡ്രൂസ് ഉദ്ഘാടനം ചെയ്തു. കേരള കലാമണ്ഡലം മുൻ വൈസ് ചാൻസലർ ഡോ. ടി. കെ. നാരായണൻ ക്വിസ് മത്സര വിജയികൾക്ക് സമ്മാനങ്ങൾ നൽകി. നമ്പൂതിരീസ് ബി.എഡ്. കോളേജ് പ്രിൻസിപ്പൽ ഡോ. ഹരിനാരായണൻ, സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.ഡോ. മുരളി ഹരിതം സെമിനാർ അവലോകനം നടത്തി.9പ്രൊഫ. സാവിത്രി ലക്ഷ്മണൻ, പ്രൊഫ. വി. കെ. ലക്ഷ്മണൻ നായർ, പി.കെ. ഭരതൻ, ഡോ.കെ.രാജേന്ദ്രൻ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

ആർക്കൈവ്സ് ഡിജിറ്റൈസേഷൻ ഹെഡ് പ്രഫുല്ല ചന്ദ്രൻ സ്വാഗതവും ദേവസ്വം മാനേജിംഗ് കമ്മിറ്റി അംഗം അഡ്വ. കെ.ജി. അജയ്കുമാർ നന്ദിയും പറഞ്ഞു.

രാവിലെ നടന്ന ചരിത്രക്വിസ് മത്സരത്തിൽ ഒന്നാം സമ്മാനം ഡോ.സുശീല എസ്. മേനോന്റെ സ്മരണക്കായി ആയപ്പിള്ളിൽ കുടുംബം സ്പോൺസർ ചെയ്ത 11111 രൂപയുടെ ക്യാഷ് അവാർഡിന് ചാലക്കുടി പനമ്പിള്ളി മെമ്മോറിയിൽ ഗവ. കോളേജ് വിദ്യാർത്ഥികളായ ലക്ഷ്മി എൻ.ബി.&നിമിഷ ടി.എസ്. എന്നിവർ അർഹരായി. രണ്ടാം സമ്മാനം പ്രൊഫ. ശിവശങ്കരൻ മാഷുടെ സ്മരണക്ക് മകൻ സുനിൽ സ്പോൺസർ ചെയ്ത 5555 രൂപയുടെ ക്യാഷ് അവാർഡിന് ഇരിങ്ങാലക്കുട സെൻറ് ജോസഫ്സ് കോളേജിലെ ആദിലക്ഷ്മി സി.ജി.& ജാനിഷ എൻ. എ. എന്നിവരും അർഹരായി. മൂന്നാം സമ്മാനം പ്രൊഫ. വി.കെ. ലക്ഷ്മണൻ നായർ സ്പോൺസർ ചെയ്ത 3333 രൂപയുടെ ക്യാഷ് അവാർഡ് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ മെമ്മോറിയിൽ ഗവ. കോളജിലെ ശ്രീരാഗ് എം.ആർ.& സ്റ്റെനിയ യു. കെ. എന്നിവരും കരസ്ഥമാക്കി. 5-ാം സ്ഥാനം വരെയുള്ള കുട്ടികൾക്ക് കൂടൽ മാണിക്യം ക്ഷേത്രവും പട്ടാഭിഷേകംകഥകളിയും എന്ന പുസ്തകവും നൽകി.

രാവിലെ 9.30 ന് 'ശ്രീ കൂടൽമാണിക്യം ക്ഷേത്ര സമ്പത്തും അധികാര തർക്കങ്ങളും എന്ന പ്രബന്ധം ശ്രീ. ശ്യാമ ബി മേനോൻ അവതരിപ്പിച്ചു. ഡോ. രാധാമുരളീധരൻ മോഡറേറ്ററായിരുന്നു, കൂടൽമാണിക്യം ദേവസ്വം ആയുർവേദ ഗ്രാമം ഡയറക്ടർ ഡോ. കേസരി മേനോൻ, കെ.കെ.ടി.എം. ഗവ. കോളേജ് പ്രൊഫസർ ഡോ. രമണി, ക്രൈസ്റ്റ് കോളേജ് പ്രൊഫസർ ഡോ. അമൃത കെ.എ., സെന്റ് ജോസഫ്സ് കോളേജ് പ്രൊഫസർ സുമിന തുടങ്ങിയവർ അനുബന്ധചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

## കൺസോൾ സാന്ത്വന സംഗമവും ഡയാലിസിസ് കൂപ്പൺ വിതരണവും

ചാവക്കാട്: എഴുപതോളം വൃക്കരോഗികൾക്ക് സ്ഥിരം സൗജന്യ ഡയാലിസിസ് സംവിധാനമൊരുക്കുന്ന കൺസോൾ മെഡിക്കൽ ചാരിറ്റബിൾ ട്രസ്റ്റ് സന്നദ്ധ ഭടന്മാരുടെ പ്രവർത്തനം മാതൃകാപരമാണെന്ന് കടപ്പുറം പഞ്ചായത്ത് പ്രസിഡണ്ട് സാലിഹ ഷൗക്കത്ത്. കൺസോൾ മെഡിക്കൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ പ്രതിമാസ സാന്ത്വന സംഗമവും ഡയാലിസിസ് കൂപ്പൺ വിതരണവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം – ഒരിക്കലും അസ്തമിക്കാത്ത സ്നേഹത്തിന്റെ നിലാവാണ് ചന്ദ്രൻ വാര്യർ എന്ന് കൂട്ടി ചേർത്തു.

അനുസ്മരണ സമിതി ചെയർപേഴ്സൺ സോണിയ ഗിരി അധ്യക്ഷത വഹിച്ചു. കൂടിയാട്ട കലാചാര്യൻ വേണുജി മുഖ്യ അനുസ്മരണ പ്രഭാഷണം നടത്തി. വാർഡ് കൗൺസിലർ സ്മിതകൃഷ്ണകുമാർ ആശംസകളർപ്പിച്ചു. കൺവീനേഴ്സ് ചാപ്റ്റർ സഹായധനം, ചാപ്റ്ററിന് വേണ്ടി വൈസ് പ്രസിഡണ്ട് ഹക്കിം ഇമ്പാർക്ക് വേദിയിൽ വച്ചു കൈമാറി. ടി.പി.അബ്ദുൾ കരീമും വേദിയിൽ വച്ചു സഹായധനം കൈമാറി. ഡയാലിസിസ് കുടുംബാംഗങ്ങളായ ടി.എ.ബാലൻ, വി.എം.ഷംസുദ്ദീൻ, കൺസോൾ ട്രസ്റ്റിമാർ ജനീഷ് സി.എം, സലാം പി.പി, എം. കെ. നൗഷാദ് അലി തുടങ്ങിയവർ സംസാരിച്ചു. സ്റ്റാഫംഗങ്ങളായ ഫെബിജ സുബൈർ, സൈനബ ബഷീർ, സൗജത്ത് നിയാസ് എന്നിവർ പരിപാടി നിയന്ത്രിച്ചു. കൺസോൾ സെക്രട്ടറി കെ.ഷംസുദ്ദീൻ സ്വാഗതവും ട്രഷറർ കാസിം.വി. നന്ദിയും പറഞ്ഞു.

## അനുമോദിച്ചു

അവണൂർ : കർഷകസംഘം അവണൂർ എകെജി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ അനുമോദന സായാഹ്നം സംഘടിപ്പിച്ചു. കർഷകദിനത്തിൽ ഗ്രാമപഞ്ചായത്ത് ആദരിച്ച കർഷക പ്രതിഭകളായ പി കെ കൃഷ്ണൻ, വി കെ ശങ്കരൻകുട്ടി എന്നിവരെ അനുമോദിച്ചു. പി കെ കൃഷ്ണകുമാർ ഉദ്ഘാടനം ചെയ്തു.

ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് തങ്കമണി ശങ്കുണ്ണി പൊന്നാട അണിയിച്ചു. വിവി സിജു അധ്യക്ഷനായിരുന്നു.

ഇ പി കുട്ടപ്പൻ, എം എൻ സുരേഷ്, ലളിതാ ചന്ദ്രൻ ,പി കെ ഉണ്ണികൃഷ്ണൻ, ശശിധരൻ ചൈന ബസാർ, കെ ആർ ഹരിദാസൻ എന്നിവർ സംസാരിച്ചു. ജയൻ അവണൂർ സ്വാഗതവും, വി കെ മുകുന്ദൻ നന്ദിയും പറഞ്ഞു.

## പരിക്കേറ്റയാൾ മരിച്ചു

പുതുക്കാട്: വരാക്കര കാളക്കല്ലിൽ ബൈക്ക് അപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന പുളിഞ്ചോട് കണ്ണംമ്പുള്ളി വീട്ടിൽ നവീൻ (23) ആണ് മരിച്ചത്.

## സിപിഐ ടൗൺ ലോക്കൽ കമ്മിറ്റിയുടെ രാഷ്ട്രീയ പ്രചരണ കാൽനടജാഥ സമാപിച്ചു

ഇരിങ്ങാലക്കുട : ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റിയുടെ യുഡിഎഫ് ദുർഭരണത്തിനെതിരായി സി പി ഐ ഇരിഞ്ഞാലക്കുട ടൗൺ ലോക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന രാഷ്ട്രീയ പ്രചരണ കാൽനടജാഥ സമാപനം സി പി ഐ മണ്ഡലം സെക്രട്ടറി എൻ.കെ ഉദയപ്രകാട് ഉദ്ഘാടനം ചെയ്തു. സിപിഐ മണ്ഡലം സെക്രട്ടേറിയറ്റ് അംഗം കെ എസ്.പ്രസാദ് അദ്ധ്യക്ഷത വഹിച്ചു. സിപിഐ മണ്ഡലം അസി: സെക്രട്ടറി അഡ്വ :പി ജെ.ജോബി,എഐഎഎസ്എഫ് ജില്ലാ സെക്രട്ടറി മിഥുൻ പോട്ടക്കാരൻ എന്നിവർ സംസാരിച്ചു. ക്യാപ്റ്റൻ :ബെന്നി വിൻസെന്റ്,വൈസ് ക്യാപ്റ്റൻ അഡ്വ :ജിഷ ജോബി, പി. ആർ രാജൻ, എന്നിവർ സംസാരിച്ചു. വർദ്ധനൻ പുളിക്കൽ സ്വാഗതവും അഡ്വ: രാജേഷ് തമ്പാൻ നന്ദിയും പറഞ്ഞു.

## അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി ആർ ജെ ഡി ജില്ലാ സെക്രട്ടറി

രാഷ്ട്രീയ ജനതാദൾ തൃശൂർ ജില്ലാ കമ്മിറ്റി ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി തൃശൂർ ഇരിഞ്ഞാലക്കുട കോടതികളിലും എറണാകുളം ഹൈക്കോടതിയിലും തുടർച്ചയായി സജീവമായി 30 വർഷത്തോളമായി അഭിഭാഷകനാണ്. 43 വർഷത്തോളമായി പൊതു പ്രവർത്തനരംഗത്തുള്ള കെഎസ്യുവിലൂടെ സ്കൂൾരാഷ്ട്രീയ പ്രവർത്തനം നടത്തി കേരള വിദ്യാർത്ഥി ജനത ജില്ലാ സെക്രട്ടറി ജോർജ് ഫെർണാണ്ടസ് നിതീഷ് കുമാർ എന്നിവർ നേതൃത്വം നൽകിയ സമ താ പാർട്ടി ദേശീയ സമിതി അംഗം തൃശൂർ ജില്ലാ പ്രസിഡണ്ട് യുവജനതാദൾ ജില്ലാ സെക്രട്ടറി രാഷ്ട്രീയ ജനതാദൾ ആർ ജെ ഡി ജില്ലാ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട് നിയമസഭയിലേക്കും ബ്ലോക്ക് പഞ്ചായത്ത് ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലേക്കും മത്സരിച്ചിട്ടുണ്ട് 1988 വർഷത്തിൽ നടന്ന ജനതാദൾ സിപിഐഎം എൽ കോൺഗ്രസ് എസ് തുടങ്ങിയ പാർട്ടികളുടെ നേതൃത്വത്തിൽ പുതുക്കാട് നടന്ന സമരത്തിൽ പങ്കെടുത്ത് പോലീസ് മർദ്ദനവും പോലീസ് ലോക്കപ്പ് വാസവും അനുഭവിച്ചിട്ടുണ്ട്

## കാട്ടാന ശല്യം ശാശ്വത പരിഹാരം വേണം – വെൽഫെയർ പാർട്ടി

പഴയന്നൂർ: കുതിരാൻ തുരങ്കം തുറന്നു കൊടുത്തത് മുതൽ പഴയന്നൂർ പഞ്ചായത്തിലെ എളനാട് മുതൽ വടക്കാഞ്ചേരി വരെയുള്ള മലയോര മേഖലയിൽ നേരിട്ടുകൊണ്ടിരിക്കുന്ന കാട്ടനശല്യം നിയന്ത്രിക്കാൻ യുദ്ധകാല അടിസ്ഥാനത്തിൽ ശാശ്വത പരിഹാരത്തിനുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ വരും ദിവസങ്ങളിൽ ശക്തമായ ജനകീയ പ്രക്ഷോഭങ്ങൾക്ക് വെൽഫെയർ പാർട്ടി നേതൃത്വം നൽകുമെന്ന് വെൽഫെയർ പാർട്ടി ജില്ലാ സെക്രട്ടറി സുലൈഖ അസീസ് പറഞ്ഞു. കാട്ടാനകളെ പീച്ചി റിസർവിലേക്ക് തുരത്തി കുതിരാൻ തുരങ്കത്തിന് മുകളിൽ ആനകളെ തടയാൻ കഴിയുന്ന സോളാർ ഫെൻസിംഗ് സ്ഥാപിക്കുക, മയിൽ, കുരങ്ങൻ തുടങ്ങിയ ജീവികളെ പിടികൂടി കൂട്ടിലടച്ച് വംശ വർധനവ് തടയുക,

മാൻ, പന്നി, മലയണ്ണാൻ തുടങ്ങിയ ജീവികളിൽ നിന്നും കൃഷി സംരക്ഷിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് ഫെയർ പാർട്ടി പഴയന്നൂർ പഞ്ചായത്ത് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ പ്രതിഷേധ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ.

വന്യജീവി മനുഷ്യ സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടി എന്ന പേരിൽ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടുള്ള നാടകം അവസാനിപ്പിക്കണമെന്നും വന്യജീവി ശല്യം നിയന്ത്രിക്കുന്നതിനുള്ള നടപടികളാണ് ജനങ്ങൾ പ്രതീ